പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 762    29.09.2016 – ൽ മറുപടിക്ക്

# ഞാവളിൻകടവിൽ പാലം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. പി. ഉണ്ണി : | | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) | ഒറ്റപ്പാലം, തരൂർ അസംബ്ലി മണ്ഡലങ്ങളെ ബന്ധിപ്പിച്ച് ഭാരതപ്പുഴയ്ക്ക് കുറുകെ ഞാവളിൻകടവിൽ പാലം നിർമ്മിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ, എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ ; | (എ) | 13.09.2010 – ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 1454/10/പൊ.മ.വ പ്രകാരം പ്രത്യേകാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). |
| (ബി) | എത്ര തുകയ്ക്കാണ് ഉത്തരവ് നൽകിയത് ; | (ബി) | 29 കോടി രൂപയ്ക്കാണ് ഉത്തരവ് നൽകിയത്. |
| (സി) | ഉത്തരവിന്റെ വെളിച്ചത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന വിശദാംശം ലഭ്യമാക്കാമോ ; | (സി) | ചെന്നൈ ആസ്ഥാനമായുള്ള സ്റ്റപ് കൺസൽറ്റൻസിയെ പദ്ധതിയുടെ വിശദമായ രൂപരേഖ തയ്യാറാക്കുവാൻ 30 ലക്ഷം രൂപയുടെ ഭരണാനുമതിയോടുകൂടി ഏൽപ്പിക്കുകയും അവർ വിശദമായ രൂപരേഖ തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ രൂപരേഖ 29.12.2010 തീയതിയിൽ അംഗീകാരത്തിനായി റെയിൽവേ ചീഫ് ബ്രിഡ്ജ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പദ്ധതിയുടെ അപ്രോച്ച് റോഡിനു വേണ്ടിയുള്ള ഭൂമിയുടെ സർവ്വേ പൂർത്തിയാക്കുകയും ആയതിൻ-പ്രകാരം രണ്ടു പഞ്ചായത്തിലേതും കൂടി ആകെ 563.68 സെന്റ് ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. ഇതിൽ 504.86 സെന്റ് ഭൂമി നെൽ വയൽ ആയതുകൊണ്ട് ഭൂമി പരിവർത്തനത്തിനുള്ള അംഗീകാരം ആവശ്യമായിട്ടുണ്ട്. ഭൂമി പരിവർത്തനത്തിനുള്ള അപേക്ഷ പെരിങ്ങോട്ടുകുറിശ്ശി കൃഷി ഓഫീസർക്കും ലക്കിടിപേരൂർ പഞ്ചായത്ത് കൃഷി ഓഫീസർക്കും സമർപ്പിക്കുകയും, പെരിങ്ങോട്ടുകുറിശ്ശി പഞ്ചായത്തിന്റെ ഭാഗത്തേക്കായി നൽകിയ അപേക്ഷ പ്രാദേശിക സമിതി ശുപാർശ ചെയ്യാത്തതുമൂലം കാർഷികോൽ-പാദന കമ്മീഷൻ തള്ളുകയും ചെയ്തു. ലക്കിടിപേരൂർ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും മറുപടിയൊന്നും ലഭിച്ചില്ല. അപേക്ഷ പുന:പരിശോധിക്കുവാനുള്ള അപേക്ഷ രണ്ടു പഞ്ചായത്തിലേയും കൃഷി ഓഫീസർ-മാർക്കും 30.01.2014 - ൽ നൽകിയിരിക്കുകയാണ്. ഭൂമി ഏറ്റെടുക്കുന്നതിനും റെയിൽവേ അധികൃതർക്ക് സെന്റേജ് നൽകുന്നതിനും കൂടിയുള്ള 435 ലക്ഷം രൂപ എസ്റ്റിമേറ്റ് തുക ആകുമെന്ന് കണക്കാക്കിയിട്ടുണ്ട്. |
| (ഡി) | പാലത്തിന്റെ നിർമ്മാണപുരോഗതി വിലയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഡി) | പാലത്തിന്റെ നിർമ്മാണപുരോഗതി വിലയിരുത്തിയിട്ടുണ്ട്. പാലം നിർമ്മാണത്തിനായുള്ള ഭൂമി വിട്ടുതരുവാൻ രണ്ടു പഞ്ചായത്തിന്റെ ഭാഗത്തുനിന്നുമുള്ള കുറച്ച് ഭൂവുടമകൾ എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്. പാലം നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതിയും നെൽ വയൽ പരിവർത്ത - |

നത്തിനുള്ള അംഗീകാരവും ലഭ്യമായതിനു ശേഷം മാത്രമേ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

05.09.2016 - ന് പെരിങ്ങോട്ടുകുറിശ്ശി ഗ്രാമ പഞ്ചായത്തിലെ ഞാവളിൻകടവിൽ പാലം സംബന്ധിച്ച് കർഷക പ്രതിനിധികളും ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുമായി ബഹു. പിന്നോക്ക ക്ഷേമ പട്ടികജാതി വികസന, നിയമ, സാംസ്കാരിക വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷ-തയിൽ കൂടിയ യോഗത്തിൽ കർഷകരുടെ എതിർപ്പ് കാരണം സ്ഥലമെടുപ്പിന് തീരുമാനമായിട്ടില്ല.

സെക്ഷൻ ഓഫീസർ

3/3

GOVERNMENT OF KERALA

Abstract

PWD - Stimulus Package - Construction of High Level Bridge at Njavulinkadavu across Bharathapuzha connecting Pathiripala to Peringottukurussi in Palakkad district - Special Sanction - accorded - orders issued.

---

PUBLIC WORKS (D) DEPARTMENT

| PWD ROADS DIVISION PALAKKAD | |
|---|---|
| E. E. | |
| T. A. | |
| D. A. | |
| H. D. | |
| J. S. | |

G.O (Rt) No.1454/10/PWD    Dated, Thiruvananthapuram, 13/09/2010

---

Read: Letter No. CE/R&B/Plg/DB3/MP 9620/AS/09 dt: 6.4.2010 from the CE (R&B) TVPM.

ORDER

The Chief Engineer (R&B) vide letter read above has submitted a rough cost estimate amounting to Rs.2900/- lakhs for the construction of high level bridge at Njavulinkadavu across Bharathapuzha connecting Pathiripala to Peringottukurussi in Palakkad district and requested Administrative Sanction for the work. The Chief Engineer has also reported that this bridge will serve as a connecting link between Ottappalam and Kuzhalmandam, which has been a long cherished dream of the local people.

Government have examined the matter in detail and are pleased to accord special sanction for the construction of high level bridge at Njavulinkadavu across Bharathapuzha connecting Pathiripala to Peringottukurussi in Palakkad district.

By Order of the Governor,
**N.Sudarsanan Pillai,**
Additional Secretary to Govt.

The Chief Engineer (R&B), Thiruvananthapuram
The Superintending Engineer (R&B), Central Circle, Aluva
Executive Engineer, Roads Division, Palakkad
The Principal Accountant General (Audit) Kerala, Thiruvananthapuram
The Accountant General (A&E) Kerala, Thiruvananthapuram.
Finance Department
SF/OC

Forwarded/By order,

Section Officer.

Section Officer
For Chief Eng

GOVERNMENT OF